# അടാട്ട് CDS ലോക്ക്ഡൗൺ പ്രവർത്തനങ്ങൾ

<u>ആമുഖം</u>

സാംസ്കാരിക നഗരിയുട പുഴയ്ക്കൽ ബ്ലോക്ക് അതിർത്തിയിൽ ഉൾപ്പെടുന്ന പ്രദേശമാണ് അടാട്ട് സി ഡി എസ് .കാർഷികസംസ്കൃതിയുടെ പൈതൃകം ഉൾകൊള്ളുന്ന പഞ്ചായത്തിൽ കർഷകരും, തൊഴിലാളികളും, ചെറുകിട വ്യവസായ സംരംഭകരും ഉൾകൊള്ളുന്നതാണ്. 14 വാർഡുകൾ ഉള്ള സാമാന്യം വലിയ ജനസംഖ്യ ഉള്ള ഗ്രാമ പ്രദേശമാണ്. കുടുംബശ്രീ പ്രവർത്തനങ്ങളിൽ ബ്ലോക്ക് പരിധിയിൽ കൃത്യമാർന്ന പ്രവർത്തനം കാഴ്ചവെക്കുന്ന സിഡിസ് ആണ് , ലോകമെങ്ങും കൊറോണ എന്ന മഹാമാരിയിൽ കുരുങ്ങി കിടക്കുമ്പോഴും കേരളം ഈ ദുരന്തത്തെ പ്രതിരോധിക്കുന്നതിൽ മാതൃകാ പരമായ നേട്ടമാണ് ലോകത്തിന്റെ മുന്നിൽ കാഴ്ചവെച്ചത്, ഈ പ്രവർത്തന ശൈലി തന്നെയാണ് ഇവിടെ ഓരോ സിഡിഎസ്കൾ പോലും മാതൃകയാക്കിയത്. സംരക്ഷണം ഉറപ്പ് വരുത്തുന്നതിൽ കൃത്യതയാർന്ന നീക്കങ്ങൾ നടത്താൻ പഞ്ചായത്തും ആയി സഹകരിച്ചു അടാട്ടിലെ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട് എന്നത് നിസംശയം പ്രസ്താവിക്കാവുന്ന ഒന്ന് ആണ്..

ഈ 22 ആം വർഷത്തിൽ കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക, സ്ത്രീ ശാസ്ത്രീകരണ പ്രവാർത്തnങ്ങളുടെ നെടുതൂൺ ആയി കുടുംബശ്രീ നിലകൊള്ളുന്നു.രണ്ടു ദശകത്തിൽ പരം നീണ്ട പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ സ്ത്രീ ശാക്തീകരണത്തിലും സാമൂഹ്യ-സാമ്പത്തിക മേഖലകളുടെ ഉന്നമനത്തിലും നിർണായകമായ സംഭാവനകൾ നൽകാൻ കുടുംബശ്രീയ്ക്ക് സാധിച്ചു. വൈവിധ്യമാർന്ന പ്രവർത്തന രീതികളിലൂടെ സമൂഹത്തിന്റെ പുരോഗതിക്ക് ആക്കം നൽകുന്നതിൽ ഇക്കാലയളവിൽ കുടുംബശ്രീ വലിയ പങ്കു വഹിച്ചിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണത്തിലൂടെ സാധാരണക്കാരുടെ ജീവിതത്തെ മെച്ചപ്പെടുത്താനും കൂടുതൽ ചലനാത്മകമാക്കാനും കുടുംബശ്രീയ്ക്ക് സാധിച്ചു. ഇത്തരം പ്രവർത്തനങ്ങൾ ദേശീയ-അന്തർദേശീയ തലത്തിൽ പോലും അംഗീകാരങ്ങൾ നേടിക്കൊടുക്കുകയുണ്ടായി. സംസ്ഥാനം കോവിഡ് മഹാമാരിയെ നേരിടുന്ന ഈ സമയത്ത് അടാട്ട് കുടുംബശ്രീ പ്രവർത്തകർ പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം ഏറ്റെടുക്കുകയുണ്ടായി. കമ്മ്യൂണിറ്റി കിച്ചൻ , ജനകീയ ഹോട്ടൽ, വയോജനങ്ങളുടെയും പ്രത്യേക ശ്രദ്ധ ആവശ്യമുള്ളവരുടെയും പരിരക്ഷ, മാസ്ക്, സാനിറ്റൈസർ നിർമ്മാണം, കൗൺസിലിംഗ് പിന്തുണ തുടങ്ങി നിർണായകമായ നിരവധി സേവനങ്ങൾക്ക് അവർ ചുക്കാൻ പിടിക്കുന്നു. പ്രളയകാലങ്ങളിലും നിസ്തുലമായ സേവനമാണ് അവർ നിർവഹിച്ചത്. ഇത്തരം ഘട്ടങ്ങളിൽ സർക്കാർ ആവിഷ്കരിക്കുന്ന ജനക്ഷേമപദ്ധതികൾ

സാധാരണക്കാർക്കിടയിൽ ഫലപ്രദമായി നടപ്പിലാക്കാൻ കുടുംബശ്രീ നൽകുന്ന സഹായം വളരെ വലുതാണ്.

## ത്രിതല സംഘടനാ ചലിപ്പിച്ചത്

കുടുംബശ്രീ സംവിധാനത്തിന്റെ പരമ പ്രധാനമായ പ്രവർത്തന ശൈലി അതിന്റെ താഴെ തട്ടിൽ എത്തിക്കുന്നതിൽ സുപ്രധാന പങ്ക് ഈ സംവിധാനത്തിന്റെ ത്രിതല സംഘടനാ ശക്തി തന്നെയാണ്.. സ്റ്റേറ്റ് മിഷൻ നിർദ്ദേശിക്കുന്നത് ജില്ലാ മിഷനിലേക്കും അവിടെ നിന്നും cds ലേക്കും അവിടെ നിന്നും ADS ലേക്കും അവിടെ നിന്നും NHG കളിലേക്കും എത്തിക്കുന്ന പ്രവർത്തനം വളരെ കാര്യക്ഷമതയോടെ കുടുംബശ്രീ അംഗങ്ങൾ ഉള്ള ഓരോ കുടുംബങ്ങളിലും നടപ്പിലാക്കുന്നു.. ഈ ലോക്ക് ഡൌൺ കാലത്ത് അതിനായി സ്ഥിരം ശൈലിയിൽ കമ്മറ്റികൾ കൂടാൻ കഴിയാത്ത സാഹചര്യത്തിൽ അത് സാധ്യമായത് watsapp group കൾ മുഖേനയാണ്.. സി ഡി എസ്, എ ഡി എസ്, അയൽക്കൂട്ട തലത്തിൽ വാട്സ്ആപ്പ് ഗ്രൂപ് കൾ വഴിയാണ് എല്ലാ അറിയിപ്പുകൾ കൊടുത്തു.മീറ്റിംഗുകൾ കൂടാൻ പറ്റാത്ത ഈ സാഹചര്യത്തിലും പ്രവർത്തങ്ങൾ സ്മാർട്ട് ഫോൺ സഹായത്തോടെ അയൽക്കൂട്ടങ്ങളിലേക്ക് എത്തിച്ചു കൊടുത്തിരുന്നു

## വാട്സ്ആപ്പ് ഗ്രൂപ്പ്

സി ഡി എസ്, എ ഡി എസ്, അയൽക്കൂട്ട അംഗങ്ങളെ ഉൾപ്പെടുത്തികൊണ്ട് വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചു.കൊറോണ യെ കുറിച്ചുള്ള ബോധവത്കരണവും, പ്രതിരോധ നടപടികളെക്കുറിച്ചും താഴെത്തട്ടിലേക്കു എത്തിക്കാൻ ഇതു സഹായകമായി.

## കമ്മ്യൂണിറ്റി കിച്ചൻ

കേരള സർക്കാരിന്റെ വിപ്ലവകരമായ തീരുമാനം ആയിരുന്നു ഈ കൊറോണ കാലത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപങ്ങളിലെയും കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം. സർക്കാർ നിർദ്ദേശം അനുസരിച്ചു അടാട്ട് കമ്മ്യൂണിറ്റി കിച്ചൻ മാർച്ച് 28 ന് ആരംഭിച്ചു, 5 സി ഡി എസ് അംങ്ങളുടെനേതൃത്വത്തിൽ അടാട്ട് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ആണ് കമ്മ്യൂണിറ്റി കിച്ചൻ നടത്തി വന്നത്. എല്ലാ സുരക്ഷ നടപടികളും സ്വീകരിച്ചാണ് കമ്മ്യൂണിറ്റി കിച്ചൻ നടത്തിയിരുന്നത്.ഏകദേശം ശരാശരി 250 ഉച്ചയൂണ് വരെ കമ്മ്യൂണിറ്റി കിച്ചനിൽനിന്നുംസൗജന്യമായി കൊടുത്തുപോന്നിരുന്നു. അടാട്ട് കുടുംബശ്രീ അയൽക്കൂട്ടങ്ങളും ജെ എൽ ജി ഗ്രൂപ്പുകൾ വഴി ഏകദേശം 750കെ ജി പച്ചക്കറി, പലചരക്കുകൾ ഈ കമ്മ്യൂണിറ്റി കിച്ചനിലേക്കു സംഭാവന ചെയ്തു.





<u>ലോക്കഡോൺ കാലത്തെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ</u>

ഈയൊരു കൊറോണ കാലത്ത്  എടുത്തു പറയേണ്ട ആദ്യത്തെ  ഇടപെടൽ എന്നത് എന്ത് കൊണ്ടും പതിനായിരത്തിൽ പരം  മാസ്ക് നിർമിച്ചു അടാട്ടിലെ  എല്ലാ വീട്ടിലും കുടുംബശ്രീ എത്തിച്ചു എന്നത് തന്നെയാണ്,  പഞ്ചായത്ത് ആയി സഹകരിച്ചു  നടത്തിയ ഈ പ്രവർത്തനങ്ങൾ  കുടുംബശ്രീയുടെ  ഇടപെടൽ  സാധാരക്കാരിൽ കൂടുതൽ കാര്യക്ഷമമായി  പ്രതിഫലിച്ചു..  പല വാർഡുകളിലും വാർഡ് മെമ്പർമാർ ഈ പ്രവർത്തങ്ങൾക്ക്  നേതൃത്വം നൽകി കൊണ്ട് സഹകരിച്ചു  അത് പോലെ തന്നെ കൊറോണ കാലത്തെ വിരസത മാറ്റാൻ ആയി  അടാട്ടിലെ കുടുംബശ്രീ അംഗങ്ങൾ വീട്ടിൽ തന്നെ കൃഷി,  കര കൗശല നിർമ്മാണം എന്നിവ നടത്തുകയുണ്ടായി.വീട്ടിൽ അടുക്കളത്തോട്ടം നിർമാണത്തിനു ആവശ്യ മായ വിത്തുകൾ വിതരണം ചെയ്തു.അയൽ കൂട്ടം അംഗങ്ങൾ ഒരു നിശ്ചിത തുക സമാഹ രിച്ചു നിർധനാ കുടുംബത്തിനു അവശ്യ വസ്തുക്കൾ വാങ്ങി നൽകി.

<u>കുട്ടിക്ക് വേണ്ടിയുള്ള പ്രവർത്തനം</u>

ബാലസഭാ കുട്ടികൾ വേണ്ടി ജില്ലാ തലത്തിൽ 'ഈ ക്വാറന്റൈന്റെ കാലത്ത് 'എന്ന മത്സരം നടത്തുകയും കവിത രചന, യാത്ര വിവരണം, ചിത്ര രചന, കഥ രചന എന്നിവ നടത്തി, അടാട്ട് പഞ്ചായത്തിലെ ബാലസഭാ അംഗ ങ്ങൾ നല്ല പങ്കാളിത്തം ഉണ്ടായി. ബ്ലോക്ക് തലത്തിൽ ബാലസഭാ കൂട്ടുകാർക്കായി മത്സരം സംഘടിപ്പിച്ചു. ബാലകൃഷി നല്ല രീതിയിൽ ചെയ്തു പോരുന്നു. ആശ്രയ കുടുംബത്തിലെ കുട്ടികൾക്ക് മാസ്ക് വിതരണം ചെയ്തു. ബാലസഭയുടെ നേതൃത്തിൽ  കുട്ടികൾ കൃഷിയിൽ പങ്കാളികൾ ആയി.. മറ്റു ജില്ലാ മിഷൻ നേതൃത്വത്തിൽ നടന്ന "ഒരു   ലോക്കഡൌൺ കാലത്ത് " എന്ന പേരിൽ നടന്ന  മത്സരങ്ങളിൽ അടാട്ട് നിന്നും വൻ പങ്കാളിത്തം ഉണ്ടായിരുന്നു..  പുഴയ്ക്കൽ block ലെവൽ നടന്ന മത്സരമായിരുന്നു  വീട്ടിലൊരു തോട്ടം & ന്യൂസ് റീഡിങ്  കോംപറ്റീഷൻ  വളർന്നു വരുന്ന കുരുന്നുകളിലെ സർഗാത്മകത വളർത്താൻ  ഈ ലോക്ക്ഡൌൺ കാലത്തെ പ്രയോജനപ്പെടുത്താൻ കുടുംബശ്രീ എന്ന നിലയിൽ അടാട്ട്നു സാധിച്ചു


B612


GROW BAG



<u>വായോ ജനങ്ങൾക്ക് വേണ്ടി പ്രവർത്തനം</u>

നിലവിൽ പഞ്ചായത്തിൽ ഉള്ള ആശ്രയ കുടുംബത്തിലെ 60 വയസിനു മുകളിൽ ഉള്ളവരെ 3 ദിവസം കൂടുമ്പോൾ വിവരങ്ങൾ അനേഷിച്ചു പോരുന്നതിനായി cds ൽ ഒരു റിസോർസ് പേഴ്‌സണൻ ആയി കുടുബശ്രീ അംഗം പ്രവർത്തിച്ചു. വിളിച്ചു അന്വേഷിക്കുന്നതിന്റെ ഫലമായി സിഡിഎസ് ല്ലെ ചില വയോജങ്ങൾക്ക് ഭക്ഷണവും മരുന്നും നൽകാൻ സാധിച്ചിട്ടുണ്ട് , എല്ലാവർക്കും മാസ്ക് നൽകി. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു 24 hr ഹെൽപ് ഡസ്ക് ആരംഭിചത് വഴി പൊതുജനങ്ങളിലേക്ക് കുടുബശ്രീ സഹായഹസ്തം എത്തിക്കുന്നതിൽ കൂടുതൽ കാര്യക്ഷമമായ ഇടപെടൽ സാധിച്ചു

<u>ലോൺ</u>

സർക്കാർ കോവിഡ് കാലത്ത് കുടുംബശ്രീ അംഗങ്ങൾക്കു അനുവദിച്ച ലോൺ CMHLS അടാട്ട് നിന്നും 230 പേർ അപേക്ഷ കൊടുത്തു ഏകദേശം 1 കോടി 80 ലക്ഷത്തിൽ പരം രൂപ ലോൺ അപേക്ഷിച്ചു അതിൽ പകുതി പേരോളം അയൽക്കൂട്ട അംഗങ്ങൾക്കു ലോൺ ലഭിച്ചിട്ടുണ്ട് നിലവിൽ. ബാക്കി ഉള്ളവർക്ക് ഈ ആഴ്ചയിൽ കംപ്ലീറ്റ് ചെയ്യുന്നതാണ്

<u>വിവിധ വകുപ്പുകളുമായി സഹകരിച്ചുള്ള പ്രവർത്തനം</u>

പി എച് സി യുടെ നേതൃത്വത്തിൽ ക്വറണ്ടയിൻൽ ഇരിക്കുന്നവരെ വിളിച്ചു ആവശ്യങ്ങൾക്ക് അനുസരിസ്ഹ് കുടുംബശ്രീ അംഗങ്ങൾ പ്രതിരോധ മരുന്നുകൾ വീടുകളിൽ എത്തിച്ചു നൽകി,

പോലീസ് ഡിപ്പാർട്മെന്റ്ന് മാസ്കുകൾ വിതരണം ചെയ്തു, ക്ലോറിനേഷൻ ന് സഹായിച്ചു. ഹെൽപ് ഡെസ്ക് വഴി സഹായങ്ങൾ നൽകി.

<u>ഭാവി പ്രവർത്തനങ്ങൾ</u>

- <u>ജനജീവിതം പഴയപടി ആക്കുന്നതിനായി ഒരു സമയം എടുക്കും എന്നത് തീർച്ചയായതിനാൽ ദിവസക്കൂലിക്കാരായ കുടുബശ്രീ അംഗങ്ങൾക്കു ഒരു ഉപജീവനമാർഗം ആയി എന്തെങ്കിലും ഒരു സംരംഭം ആരംഭിക്കുന്നതിനായി പഞ്ചായത്ത് ആയി സഹകരിച്ചു ഒരു പദ്ധതി തയ്യാറാക്കും</u>
- ജനകീയ ഹോട്ടൽ വഴി ഗുണ നിലവരവും ലാഭകര വുമായ ഭക്ഷണം ലഭ്യ മാകുക.

- എല്ലാ വീട്ടിലും ഒരു അടുക്കള തോട്ടം രൂപീകരിക്കുക.

Chairperson :  രത്നവല്ലി

ഫോൺ :    95264 66547

Block co ordinator :വിശ്വജിത്ത് എം വി

ഫോൺ :    9400234421

പുഴയ്ക്കൽ ബ്ലോക്ക്,  തൃശ്ശൂർ